കരയാതെ കുഞ്ഞേ, കുഞ്ഞൂഞ്ഞാ...

കാക്കനാട് നടന്ന ജനസമ്പർക്ക പരിപാടിയിൽ ജനനാ തളർന്ന് കിടക്കുന്ന കുട്ടിയുടെ അമ്മയോട് കാര്യങ്ങൾ ചോദിച്ചറിയുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടി. -എ.ജെ. യേശുദാസ്

ആയിരങ്ങൾക്ക് ആശ്വാസം പകരാൻ മുഖ്യമന്ത്രി; ചരിത്രസംഭവമായി ജനസമ്പർക്ക പരിപാടി

സ്വന്തം ലേഖകൻ

കൊച്ചി: കേരളത്തിലെ ജനകീയ ഇടപെലുകളിൽ സ്വന്തം നാൾവഴികൾ എഴുതി ചേർത്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി എറണാകുളം ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടി ചരിത്രസംഭവമായി. കാക്കനാട് കളക്ടറേറ്റ് മൈതാനത്ത് ഇന്നലെ രാവിലെ ഒൻപതരയോടെ ആരംഭിച്ച പരിപാടി രാത്രി വൈകും വരെ നീണ്ടു. തങ്ങളുടെ പ്രിയ മുഖ്യമന്ത്രിയുടെ മുന്നിൽ പരിദേവനങ്ങൾ അവതരിപ്പിക്കാനായി പുലർച്ചെ തന്നെ നാനാ ഭാഗങ്ങളിൽ നിന്ന് ആളുകളെത്തി.

ആംബുലൻസിലും വീൽചെയറിലും പരസഹായത്തോടെയും ഒക്കെ എത്തിയ പരാതിക്കാരുടെ അടുത്തേക്ക് മന്ദഹാസവുമായി മുഖ്യമന്ത്രി ഇറങ്ങിച്ചെന്നു. തനിക്ക് ആവുന്ന സഹായങ്ങൾ നൽകി അവരുടെ ദുഃഖങ്ങൾ പകുത്തു. മുൻകൂട്ടി രജിസ്റ്റർ ചെയ്തിനെക്കാൾ പലമടങ്ങ് ആളുകൾ എത്തിയതോടെ രാത്രി വൈകും വരെ പരിപാടി നീണ്ടു. ഒട്ടാകെ 7,500 പരാതികളാണ് മുൻകൂട്ടി രജിസ്റ്റർ ചെയ്തിരുന്നത്. എന്നാൽ ഇന്നലെ മാത്രം 4,500 പരാതികൾ പുതുതായി എത്തി. 12,000 പരാതിക്കാരും അവർക്കു കൂട്ടായി വന്നവരും ഉൾപ്പെടെ ഏകദേശം 20,000 പേരാണ് കളക്ടറേറ്റ് മൈതാനിയിൽ രാവിലെ മുതൽ തടിച്ചുകൂടിയത്. ഏഴായിരത്തോളം പരാതികൾ വൈകുന്നേരത്തിനുള്ളിൽ പരിഹരിച്ചു.

ഒരു കോടി രൂപയുടെ സഹായധനം നൽകുമെന്നാണു നേരത്തെ പ്രഖ്യാപിച്ചിരുന്നതെങ്കിലും അനുവദിച്ചുവന്നപ്പോൾ അത് ആ പരിധിയിൽ ഒതുങ്ങിയില്ല. തിരക്കു വർധിച്ചതിനെതുടർന്ന് വൈകുന്നേരം എത്തിയ പരാതിക്കാരുടെ സഹായധന വിതരണം തിങ്കളാഴ്ചത്തേക്കു മാറ്റി. അതത് താലൂക്ക് ഓഫീസുകളിൽ നിന്നു സഹായ ധനം പരാതിക്കാരുടെ ബന്ധുക്കൾ എത്തി സ്വീകരിക്കുന്നതിനുള്ള ക്രമീകരണമാണു ചെയ്തത്.

രാവിലെ ആറു മുതൽ ജനങ്ങൾ കളക്ടറേറ്റ് മൈതാനിയിലേക്ക് ഒഴുകിയെത്തുകയായിരുന്നു. മന്ത്രി കെ. ബാബുവും എംഎൽഎമാരും ജനസമ്പർക്ക വേദിയിൽ പൊതുജന പരാതികൾ സ്വീകരിക്കാൻ സഹായിച്ചു. കുടുംബസഹായനിധി ആനുകൂല്യം താലൂക്ക് തിരിച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിതരണം ചെയ്തു.

ഏറ്റവും കൂടുതൽ പരാതികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടാണ് ലഭിച്ചത്. റൈൽപ്ഡെസ്ക്കുകൾ അടക്കം 37 കൗണ്ടറുകളും പുലർച്ചെ രണ്ടിനു മുൻപു തന്നെ സജ്ജമായി. ജീവനക്കാർ എല്ലാവരും ആറിനു തന്നെ എത്തി. സിവിൽ സ്റ്റേഷൻ ഗ്രൗണ്ടിൽ 12,000 പേർക്കിരിക്കാവുന്ന പന്തലാണ് തയാറാക്കിയിരുന്നത്. ഇതു നിറഞ്ഞുകവിഞ്ഞു. കോഴിക്കോട്ടും തിരുവനന്തപുരത്തും നടത്തിയ ജനസമ്പർക്ക പരിപാടികളെ കവച്ചുവച്ച പ്രതികരണമാണ് കൊച്ചിയിൽ ഉണ്ടായത്.

രാവിലെ 9.30നു തന്നെ മുഖ്യമന്ത്രി വേദിയിലെത്തി. ഉദ്ഘാടന പ്രസംഗത്തിനു ശേഷം മുഖ്യമന്ത്രി ഭദ്രദീപം തെളിച്ചതോടെ പരിപാടിക്കു തുടക്കമായി. മാമലയിൽ സ്കൂൾ ബസിൽ നിന്നിറങ്ങുമ്പോൾ പാവാട കമ്പിയിൽ ഉടക്കി തലയടിച്ച് റോഡിൽ വീണു മരിച്ച വിദ്യാർഥിനി സാന്ദ്രയുടെ പിതാവ് എം.വി. സാബുവിനു രണ്ടു ലക്ഷം രൂപ നൽകി കൊണ്ടാണ് മുഖ്യമന്ത്രി ധനസഹായ വിതരണം ആരംഭിച്ചത്. ആംബുലൻസിൽ വന്ന പരാതിക്കാരുടെ അടുത്തേക്കാണ് പിന്നെ അദ്ദേഹം നീങ്ങിയത്. വികലാംഗരുടെ പരാതികൾക്കു പ്രതിവിധി നിർദേശിച്ചശേഷം ദുരിതാശ്വാസ ധനസഹായം വിതരണം ചെയ്തു തുടങ്ങി.

പരാതിക്കാരിൽ ആയിരത്തിലധികം പേർ വികലാംഗരായിരുന്നു. എപിഎൽ കാർഡുകൾ ബിപിഎൽ കാർഡാക്കാൻ ആയിരത്തിലധികം അപേക്ഷകൾ മുഖ്യമന്ത്രിക്കു ലഭിച്ചു. ഇതിൽ 700 പേർക്ക് ബിപിഎൽ കാർഡ് അനുവദിച്ചു. ജില്ലയിലെ ഏഴു താലൂക്കുകളിൽ നിന്നുള്ള 250 പേർക്കു പട്ടയം വിതരണം ചെയ്തു. 50 ലക്ഷം രൂപയാണ് കുടുംബ സഹായ നിധിയിൽ നിന്നു വിതരണം ചെയ്തത്.

മൊത്തം 500 പേർക്ക് 10,000 രൂപ വീതം ഈയിനത്തിൽ ലഭിച്ചു. ഭൂരിതാശ്വാസ, ചികിത്സാ ധനസഹായമായി 71 ലക്ഷം രൂപ ജനസമ്പർക്ക വേദിയിൽ അനുവദിച്ചു. 1,400 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. രാത്രി എട്ടു വരെ 739 പേർക്ക് 38 ലക്ഷം രൂപ അനുവദിച്ചു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി 20 പേർക്ക് 15 ലക്ഷം രൂപ ധനസഹായം നൽകി. സർക്കാർ തലത്തിൽ കൂടുതൽ പരിശോധന നടത്തി പരിഹാരം കാണുന്ന കേസുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടേറിയേറ്റ് കൗണ്ടറും ഇവിടെ ഒരുക്കിയിരുന്നു. വിദ്യാഭ്യാസ വായ്പക്കും പലിശ ഇളവുകൾക്കുമായി 250 അപേക്ഷകൾ ലഭിച്ചു. ഇതിൽ നൂറോളം അപേക്ഷകളിലായി 1.50 കോടി രൂപയുടെ വായ്പയും പലിശയിളവും അനുവദിച്ചു.

കേന്ദ്രമന്ത്രി പ്രഫ. കെ.വി. തോമസ്, മന്ത്രിമാരായ കെ. ബാബു, വി.കെ. ഇബ്രാഹിം കുഞ്ഞ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവരും ജില്ലയിൽ നിന്നുള്ള എംപിമാരും എംഎൽഎമാരും മറ്റു ജനപ്രതിനിധികളും സംബന്ധിച്ചു.

പവിത്ര അമ്മയ്ക്കൊപ്പം ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കാനെത്തിയപ്പോൾ.

പ്രതീക്ഷയുടെ നിറവിൽ മൂന്നര വയസുകാരി പവിത്ര

കൊച്ചി: ജനസമ്പർക്ക പരിപാടിയിൽ ആശ്വാസം തേടി എത്തിയവരിൽ മൂന്നരവയസുകാരി പവിത്രയും. ഒറ്റനോട്ടത്തിൽ കുട്ടിയെ കണ്ടാൽ ഒരു കുഴപ്പവും തോന്നില്ല. അമ്മ വിജിഷയുടെ തോളോടു ചേർന്നു കിടക്കുന്ന അവളുടെ മുഖത്ത് ജനത്തിരക്കു കണ്ടതിന്റെ വേവലാതി ഇടയ്ക്കു കരയും. പിന്നെ അമ്മയുടെ വാക്കുകൾ കേട്ടു ചിരിക്കും.

ജനനാ കുട്ടിയുടെ ഇടതുകാൽ തിരിഞ്ഞാണിരിക്കുന്നത്. പല ഡോക്ടർമാരെ കണ്ടെങ്കിലും ഫലമുണ്ടായില്ല. പൂർണമായും കാൽ നേരെ ആക്കാൻ പറ്റില്ലെന്നാണ് ഡോക്ടർമാർ പറയുന്നത്. എങ്കിലും ശസ്ത്രക്രിയ നടത്തിയാൽ ചെറിയ മാറ്റം ഉണ്ടാകുമെന്നറിഞ്ഞു. ഇതിനു ഉള്ള സഹായം തേടിയാണ് ഗാന്ധിനഗറിലെ ഉദയകേളത്തിൽ നിന്ന് പവിത്രയുടെ അമ്മ ദിവസങ്ങൾക്കു മുമ്പ് ഹൈബി ഈഡൻ എംഎൽഎയെ കണ്ടത്. ഹൈബി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലേക്ക് അവരെ ക്ഷണിച്ചു. തിങ്കളുടെ പ്രശ്നം അവിടെ വച്ച് പരിഹരിക്കാമെന്ന് അദ്ദേഹം പറഞ്ഞു.

വേദിക്കരികിൽ മുഖ്യമന്ത്രിയെ കാത്തുനിൽക്കുമ്പോൾ ഹൈബിയുടെ വാക്കുകളായിരുന്നു വിജിഷയുടെ മനസിൽ. ഹൈബി അവരുടെ പ്രശ്നം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. 10,000 രൂപ ചികിത്സാസഹായമായി നൽകാൻ മുഖ്യമന്ത്രി നിർദേശിച്ചു.

'ജനസമ്പർക്ക പരിപാടി ഒരു വഴികാട്ടി'

കൊച്ചി: സഹായങ്ങൾക്കായി ആരെ, എങ്ങനെ, എപ്പോൾ സമീപിക്കണം എന്നറിയാത്തതാണു പലർക്കും അർഹതപ്പെട്ട സഹായം നിഷേധിക്കപ്പെടാൻ ഇടയാക്കുന്നതെന്ന് ഇലഞ്ഞിയിൽ നിന്നു മുഖ്യമന്ത്രിയെ കാണാനെത്തിയ തങ്കച്ചൻ. പത്തു വയസുകാരനായ മകൻ ബേസിലിനു സഹായമാവശ്യപ്പെട്ടാണ് തങ്കച്ചൻ എത്തിയത്.

കുട്ടിക്കു നടക്കാനോ സംസാരിക്കാനോ കഴിയില്ല. ജനനാ തലച്ചോറിലെ തകരാറു മൂലം അവശതയനുഭവിക്കുന്ന ബേസിലിനു വേണ്ടി ഇതുവരെ ലക്ഷത്തിനിന്നും സഹായം ലഭിച്ചിട്ടില്ല.

അതിനു പ്രധാന കാരണം എവിടെ, എന്തു വകുപ്പിനെ സഹായത്തിനായി സമീപിക്കണമെന്ന് അറിയാത്തതിനാലാണെന്നു തങ്കച്ചൻ ചൂണ്ടിക്കാണിക്കുന്നു.

ജനസമ്പർക്ക പരിപാടിയെ പറ്റി അറിഞ്ഞതോടെ മുഖ്യമന്ത്രിയെ സമീപിക്കാൻ തീരുമാനിക്കുകയായിരുന്നു. തലച്ചോറിലെ തകരാർ മൂലം തുടർച്ചയായി ഉണ്ടാകുന്ന അപസ്മാരത്തോൾ ഏറെ കഷ്ടതയനുഭവിക്കുകയാണ് ബേസിൽ. ബിപിഎൽ വിഭാഗത്തിൽ പെടുന്ന തങ്കച്ചൻ ഓട്ടോ ഓടിച്ചുണ്ടാക്കുന്ന പണമാണ് ഈ കുടുംബത്തിന്റെ ഏക ആശ്രയം.

പിതിസക്കായി വൻ തുക ചെലവാക്കി വലിയ സാമ്പത്തിക പ്രതിസന്ധിയിലാണു കുടുംബം. ഉള്ള ഏഴു സെന്റ് സ്ഥലം പണയത്തിലുമാണ്. ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത തങ്കച്ചന് 10,000 രൂപ അനുവദിക്കാൻ മുഖ്യമന്ത്രി നിർദേശം നൽകി.

വികലാംഗനായ യുവാവിന്റെ പരാതി നേരിട്ടറിയുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടി.

പരാതിക്കാർക്കായി ജനപ്രതിനിധികളുടെ മത്സരം

കൊച്ചി: തങ്ങളുടെ വാർഡിലെയും പഞ്ചായത്തുകളിലെയും അവശതയനുഭവിക്കുന്നവരെ ജനസമ്പർക്ക പരിപാടിയിലെക്കെത്തിക്കുന്നതിന് ജനപ്രതിനിധികളുടെ ഉത്സാഹം വ്യത്യസ്തമായ അനുഭവമായി. പരിപാടിയിൽ തങ്ങൾ കൊണ്ടു വന്നവരെ ആദ്യം തന്നെ കാണിച്ച് ആവശ്യമായ സഹായം നേടിക്കൊടുക്കുവാനും ജനപ്രതിനിധികൾ മത്സരിച്ചു. അക്കാര്യത്തിൽ ഭരണ പ്രതിപക്ഷഭേദമുണ്ടായിരുന്നില്ല താനും. എംഎൽഎമാരും പഞ്ചായത്ത് പ്രസിഡന്റുമാരും വൈസ് പ്രസിഡന്റുമാരും മെമ്പർമാരുമെല്ലാം ഒരു പോലെ രംഗത്ത്. പലരും ഒരുകൂട്ടം ആളുകളുമായാണ് വേദിയിലെക്കെത്തിയത്. വനിതാ പ്രതിനിധികളും സജീവമായി രംഗത്തുണ്ടായിരുന്നു. പലരും മാധ്യമപ്രവർത്തകരോട് തങ്ങൾ കൊണ്ടുവന്ന ആളുകളെ പറ്റി വാചാലരായി.

ആഹ്ലാദത്തിന്റെ ചെക്കുമായി ത്രേസ്യാച്ചേടത്തി മടങ്ങി

സ്വന്തം ലേഖകൻ

കൊച്ചി: ശിരസിൽ തലോടി, സുഖാന്വേഷണം നടത്തി മുഖ്യമന്ത്രി നേരിട്ടു പരാതിക്കടലാസു വാങ്ങിയപ്പോൾ ത്രേസ്യാച്ചേടത്തിക്ക് ആഹ്ലാദക്കാനായില്ല. എന്റെ കഷ്ടപ്പാടും ദുരിതവുമൊക്കെ ഒരുപാടു മുഖ്യമന്ത്രിക്കുണ്ടോ... സഹതാപത്തോടെ അവർ ചോദിച്ചു. പറഞ്ഞിട്ടുണ്ട്. ഇത്രയും സ്നേഹത്തോടെ എന്നെ പരിഗണിച്ച നേതാവ് ഉമ്മൻ ചാണ്ടി സാറാ... അങ്ങനെ കാണാനാകുന്നില്ലെങ്കിലും സാറിന്റെ സ്നേഹമുള്ള ശബ്ദമെങ്കിലും അടുത്തുകേൾക്കാനായല്ലോ, സന്തോഷായി സാറേ. ഒരുപാടു സന്തോഷം.

അന്ധയായ ത്രേസ്യ, പൗലോസിനു ജനസമ്പർക്ക പരിപാടിയിൽ നിന്നു ലഭിച്ച സഹായധനത്തിന്റെ ചെക്ക് വി.പി. സജീന്ദ്രൻ എംഎൽഎ കൈമാറുന്നു.

അവിവാഹിതയും അന്ധയുമായ എൺപത്തിയെട്ടുകാരി ത്രേസ്യ പൗലോസിനു മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വഴി ലഭിച്ചത് കാൽ ലക്ഷം രൂപയുടെ സഹായധനം. കിഴക്കമ്പലം പഞ്ചായത്തിലെ വിലങ്ങി കൊച്ചുനിയിൽ വാരിക്കാട്ടുപാടം വീട്ടിൽ ത്രേസ്യ സഹോദരൻ ആന്റണിയുടെ തുണയിലാണ് ജനസമ്പർക്ക പരിപാടിയിൽ അപേക്ഷയുമായി എത്തിയത്. മൂന്നര വയസു മുതൽ അന്ധയാണു ത്രേസ്യ.

കാഴ്ചയില്ലാത്ത എനിക്കു പരിനായിക്കണക്കിനു ആളുകളെത്തുന്ന പരിപാടിക്കിടെ മുഖ്യമന്ത്രി സാറിനെ കാണാനാകുമെന്നു പ്രതീക്ഷയില്ലായിരുന്നു. എങ്കിലും സ്നേഹമുള്ള വോളണ്ടിയർമാർ വീൽ ചെയറിൽ എന്നെ മന്ത്രിയുടെ അടുത്തെത്തിച്ചു. പരാതി വാങ്ങി അപ്പോൾ തന്നെ ഉമ്മൻ ചാണ്ടി സാർ പണവും അനുവദിച്ചു - നിറഞ്ഞ മനസോടെ ത്രേസ്യ പറയുന്നു. വി.പി. സജീന്ദ്രൻ എംഎൽഎയാണ് ത്രേസ്യ പൗലോസിനു സഹായധനത്തിന്റെ ചെക്കു കൈമാറിയത്.

അസ്വയാതിനാലാണു വിവാഹം മുടങ്ങിയത്. വർഷങ്ങൾക്കു മുമ്പു തന്നെ നോക്കാൻ ത്രേസ്യ ഒരു പെൺകുട്ടിയെ ദത്തെടുത്തു വളർത്തി. രണ്ടു മക്കളായ ശേഷം അവൾ തന്നെ ഉപേക്ഷിച്ചു പോയെന്നാണു ത്രേസ്യാച്ചേടത്തി പറയുന്നത്. ദത്തുപുത്രിയുടെ ഭർത്താവും രണ്ടു മക്കളും ഇപ്പോൾ ത്രേസ്യാച്ചേടത്തിക്കൊപ്പമുണ്ട്.

റെഡ്ക്രോസ് വോളണ്ടിയർമാരുടെ സഹായത്തിൽ വീൽചെയറിൽ നിന്നു നാട്ടിലേക്കു വണ്ടി കയറുമ്പോഴും ത്രേസ്യാച്ചേടത്തിയുടെ മുഖത്ത് ആഹ്ലാദം അകന്നിരുന്നില്ല.

വോട്ടു നോക്കിയല്ല വികസനം: മുഖ്യമന്ത്രി

▸ രാമൻതുരുത്ത് നിവാസികൾക്കു ചരിത്ര നിമിഷം

സ്വന്തം ലേഖകൻ

കൊച്ചി: വോട്ടു നോക്കിയല്ല വികസനമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വ്യക്തമാക്കി. വല്ലാർപാടത്തെ രാമൻതുരുത്തിൽ വൈദ്യുതിയും ജലവും ലഭ്യമാക്കുന്ന പദ്ധതി ഉദ്ഘാടനം ചെയ്യാനെത്തിയതാണു മുഖ്യമന്ത്രി.

കഴിഞ്ഞ തവണ ഇവിടെ പോൾ ചെയ്ത 18 വോട്ടുകളിൽ തനിക്ക് കിട്ടിയതു രണ്ടു വോട്ടു മാത്രമാണെന്നു സ്ഥലം എംഎൽഎ കുടിയായ ഡൊമനിക് പ്രസന്റേഷൻ ചൂണ്ടിക്കാണിച്ചപ്പോഴായിരുന്നു മുഖ്യമന്ത്രിയുടെ ഈ പ്രതികരണം. ഡൊമനിക് പ്രസന്റേഷന്റെ വാക്കുകൾ കൂട്ട ചിരിക്കും ഇടനൽകി.

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനടുത്തുള്ള റെയിൽവെ ഗേറ്റിനു സമീപം രാമൻതുരുത്തിലേക്കു പ്രവേശിക്കുന്ന സ്ഥലത്ത് പദ്ധതിയുടെ സ്വിച്ച്ഓൺ കർമം നിർവഹിച്ച മുഖ്യമന്ത്രി രാമൻതുരുത്തു നിവാസികളെ വിളിച്ച് പ്രദേശത്തെ പ്രശ്നങ്ങൾ ആരാഞ്ഞു. തങ്ങൾക്കു പട്ടയം ലഭിച്ചിട്ടില്ലെന്ന കാര്യം അവർ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. മുഖ്യമന്ത്രി അപ്പോൾ തന്നെ പോർട്ട് ട്രസ്റ്റ് ചെയർമാൻ പോൾ ആന്റണിയെ ഫോണിൽ വിളിച്ച് കാര്യം ആരാഞ്ഞു.

തുടർന്ന് പോർട്ട് ട്രസ്റ്റ് ചെയർമാനുമായി പ്രശ്നം ചർച്ച ചെയ്ത മുഖ്യമന്ത്രി രാമൻതുരുത്തിലെ നിവാസികൾക്കു പട്ടയം നൽകാനുള്ള ഉത്തരവു പുറപ്പെടുവിച്ചു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി കാക്കനാട് കളക്ടറേറ്റ് മൈതാനത്ത് ആരംഭിക്കുന്നതിനു മണിക്കൂറുകൾക്കു മുൻപു തന്നെ അദ്ദേഹം പ്രവർത്തന നിരതനായി. പുലർച്ചെ തന്നെ ഉമ്മൻ ചാണ്ടിയെ കാത്ത് എറണാകുളം ഗസ്റ്റ് ഹൗസിൽ ആവലാതിക്കാരെത്തി. ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി വെള്ളിയാഴ്ച രാത്രിയിലാണു മുഖ്യമന്ത്രി ഗസ്റ്റ് ഹൗസിലെത്തിയത്.

ആദ്യ പരാതി പിഴല ദീപു നിവാസികളുടേതായിരുന്നു. ഇതുവരെ വികസനം എത്തിനോക്കിയിട്ടില്ലാത്ത പിഴല ദീപിലേക്ക് മുണ്ടിപ്പള്ളി-പിഴല പാലം അനുവദിക്കണമെന്നാവശ്യപ്പെട്ടു ദീപുനിവാസികൾ മുഖ്യമന്ത്രിക്കു നിവേദനം നൽകി. പരാതി വായിച്ച മുഖ്യമന്ത്രി ജില്ല കളക്ടർ പി.ഐ. ഷേക്ക് പരീതിനെ വിളിച്ചുവരുത്തി പദ്ധതി പഠിച്ച് ഉടൻ പരിഹാരം കാണാൻ നിർദേശിച്ചു.

രാവിലെ എട്ടോടെ മുഖ്യമന്ത്രി വല്ലാർപാടത്തെത്തി. വൈദ്യുതിയും വെള്ളവും ഇല്ലാത്ത രാമൻതുരുത്തിൽ കുടിവെള്ള വിതരണത്തിനും വൈദ്യുതീകരണത്തിനുമുള്ള പദ്ധതിയുടെ ഉദ്ഘാടനമായിരുന്നു ആദ്യ പരിപാടി. അവിടെ നിന്ന് അദ്ദേഹം പുതുവൈപ്പ് എൽഎൻജി ടെർമിനലിലേക്കു തിരിച്ചു. എട്ടരയോടെ എറണാകുളം ഡിസിസി ഓഫീസിലെത്തി ഇന്ദിര അനുസ്മരണ ചടങ്ങിൽ സംബന്ധിച്ചു.

ജാർഖണ്ഡിൽ കൊല്ലപ്പെട്ട സിസ്റ്റർ വൽസ ജോണിന്റെ വാഴക്കാലയിലെ വീട്ടിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. അവിടെ നിന്നു നേരെ കാക്കനാട് സിവിൽ സ്റ്റേഷൻ മൈതാനത്തിലെത്തിയ മുഖ്യമന്ത്രി മുൻ നിശ്ചയിച്ച പ്രകാരം സമയനിഷ്ഠയോടെ ജനസമ്പർക്ക പരിപാടിയിൽ സജീവമായി.

അവസാനത്തെ ആളുടെ പരാതി കൂടി കേട്ടതിനുശേഷം മാത്രമേ താൻ ഇവിടം വിട്ടു പോകുമെന്നു വാക്കു നൽകിക്കൊണ്ടാണ് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗം തുടങ്ങിയത്. ഹൈക്കോടതിയുമായി ബന്ധപ്പെട്ട അത്താണിയിൽ നടക്കുന്ന ചടങ്ങിൽ സംബന്ധിക്കേണ്ടതിനാൽ വൈകുന്നേരം അര മണിക്കൂർ വിട്ടുനിൽക്കേണ്ടി വരും. എന്നാലും തിരികെ എത്തി എല്ലാവരുടേയും പരാതി കേട്ടതിനുശേഷം മാത്രമേ മടങ്ങുവെന്ന് അദ്ദേഹം ഉറപ്പു നൽകി. എന്നാൽ പരാതിക്കാരുടെ ആധിക്യത്തെ തുടർന്ന് ഒടുവിൽ അത്താണിയിലെ ചടങ്ങിൽ പോകേണ്ടെന്നു തീരുമാനിക്കുകയായിരുന്നു.

ഉദ്ഘാടന വേദിയിൽ തന്നെ ആദ്യ സഹായം വിതരണംചെയ്ത മുഖ്യമന്ത്രി തുടർന്ന് പരാതികേൾക്കാനായി ജനക്കൂട്ടത്തിലേക്ക് ഇറങ്ങുകയായിരുന്നു. ആദ്യം അദ്ദേഹം വേദിക്കു പുറത്ത് ആംബുലൻസിൽ പുറത്തിറങ്ങാനാവാത്ത അവസ്ഥയിലുള്ള നാലു പേരുടെ അടുക്കലെത്തി പരാതികൾ കേട്ടു.

വേദിയെലെത്തിയ അദ്ദേഹം വികലാംഗരുടെ അരുകിലേക്കു പോയി. ഓരോരുത്തരും ഇരുന്നിടത്തേക്കു ചെന്നു പരാതികൾ കേട്ടു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അടുത്തേക്ക് വിളിച്ചു വരുത്തി അപ്പപ്പോൾ നിർദേശങ്ങളും നൽകി. ഇടയ്ക്കു വച്ച് ചികിത്സാ സഹായം തേടി എത്തിയവർ ക്ഷീണിതരാകുന്ന കാര്യം ബന്ന ബഹനാൻ എംഎൽഎ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അവരുടെ ആവലാതി കേൾക്കുക എന്നതായി അടുത്ത ദൗത്യം. വികലാംഗരുടെ ശേഷിച്ച പരാതികൾ പിന്നെ വന്നു കേട്ടു.

കരിക്കിൻ വെള്ളവും ജ്യൂസുമായിരുന്നു ഉച്ചഭക്ഷണം. വേദി വിട്ടുപോകലോ വിശ്രമമോ ഉണ്ടായില്ല. പരാതിക്കാരുടെ ആധിക്യത്തെ തുടർന്ന് ഉച്ചയ്ക്കു ശേഷം മന്ത്രി കെ. ബാബുവും പരാതി സ്വീകരിച്ചു. നേരത്തെ രജിസ്റ്റർ ചെയ്യാതെ ഇന്നലെ എത്തിയ പരാതികളാണ് അദ്ദേഹം വാങ്ങിയത്.

ആവലാതികളുടെ നടുവിൽ തെല്ലു ക്ഷീണം പോലും കാണിക്കാതെ മുഖ്യമന്ത്രി രാത്രി വൈകും വരെ സജീവമായി. സാധാരണക്കാർക്കും പ്രാപ്യമായ, സുതാര്യമായ സർക്കാർ നടപടിക്രമങ്ങളെ സംബന്ധിച്ച് കാഴ്ചപ്പാടുള്ള മുഖ്യമന്ത്രിക്കു സ്വന്തം ജനതയോടുള്ള ആകുലതയിന്റെ സാക്ഷാത്കാരം. പുലർച്ചെ ഏഴേ മുക്കാലോടെ എറണാകുളം ഗസ്റ്റ് ഹൗസിൽ നിന്ന് ജനകീയ പ്രശ്നങ്ങളിലേക്ക് ഇറങ്ങിയ മുഖ്യമന്ത്രി മടങ്ങുമ്പോൾ രാത്രി ഏറെ ചെന്നിരുന്നു.

രാമൻതുരുത്ത് കുടിവെള്ളം, വൈദ്യുതീകരണ പദ്ധതിയുടെ ഉദ്ഘാടനത്തിനെത്തിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ഡൊമനിക് പ്രസന്റേഷൻ എംഎൽഎ, ഹൈബി ഈഡൻ എംഎൽഎ, മേയർ ടോണി ചമ്മണി എന്നിവർ സമീപം

രാമൻതുരുത്തിലെ ജനസമ്പർക്ക പരിപാടി കാക്കനാട് കളക്ടറേറ്റ് മൈതാനത്ത് ആരംഭിക്കുന്നതിനു മണിക്കൂറുകൾക്കു മുൻപേ ഉമ്മൻ ചാണ്ടി സ്വതസിദ്ധമായ ശൈലിയിൽ ജനസമ്പർക്കത്തിനു തുടക്കമിടുകയായിരുന്നു.

രാമൻതുരുത്ത് നിവാസികൾക്കു മുഖ്യമന്ത്രിയുടെ സന്നിധാനം രണ്ടു തരത്തിൽ അനുഗ്രഹമായി തീരുകയായിരുന്നു. തുരുത്തിൽ വൈദ്യുതി എത്തുകയെന്നത് നൂറാണ്ട് പഴക്കമുള്ള ആവശ്യമാണ്. അതാണ് ഇന്നലെ യാഥാർഥ്യമായത്. ഒപ്പം പട്ടയം എന്ന അവശ്യവസ്തുവിന്റെ കൈത്താങ്ങ് കൂടി ഇന്ന രാമൻതുരുത്ത് കൊച്ചി കോർപറേഷൻ പരിധിയിലാണു വരുന്നതെങ്കിലും അവിടെ വൈദ്യുതിയോ പൈപ്പുവഴിയുള്ള കുടിവെള്ളമോ വഴിയോ ഒന്നുമില്ലായിരുന്നു. ആസ്പിൻവാൾ കമ്പനി വകയായിരുന്നു പഴയ രാമൻതുരുത്ത്.

ഡൊമനിക് പ്രസന്റേഷൻ പ്രത്യേക താത്പര്യമെടുത്താണ് തുരുത്തിൽ വെള്ളവും വൈദ്യുതിയും എത്തിക്കാൻ നടപടി കൈക്കൊണ്ടത്. ഗോശ്രീ ദീപു വികസന അതോറിറ്റിയുടേത് അടക്കമുള്ള ഫണ്ട് പ്രയോജനപ്പെടുത്തിയാണു പദ്ധതി നടപ്പാക്കുന്നത്.

മന്ത്രിമാരായ ആര്യാടൻ മുഹമ്മദ്, കെ. ബാബു, എംഎൽഎമാരായ ഹൈബി ഈഡൻ, ഡൊമനിക് പ്രസന്റേഷൻ, മേയർ ടോണി ചമ്മണി, കളക്ടർ പി.ഐ. ഷേക്ക് പരീത് എന്നിവരോടൊപ്പമാണ് മുഖ്യമന്ത്രി വല്ലാർപാടത്തെത്തിയത്.

ആശ്വാസത്തിന്റെ ഊഴം കാത്ത്... ജനസമ്പർക്ക പരിപാടിയിൽ പരാതി നൽകാൻ കാത്തിരിക്കുന്നവർ.

ഉതവും കരങ്ങൾ

കൊച്ചി: വീൽചെയറിൽ കൊണ്ടുവരുന്നവരെ സഹായിക്കാൻ റെഡ് ക്രോസ് വോളന്റിയേഴ്സ് വേദിക്കു മുന്നിൽ എത്തുക. ഇതു കേട്ട മാത്രയിൽ ഓടിയെത്തുന്ന ചെറുപ്പക്കാർ. ജനസമ്പർക്ക പരിപാടി നടന്ന വേദിയിൽ രാവിലെ മുതൽ ഏറ്റവും കൂടുതൽ തവണ ഉയർന്നുകേട്ട അനൗൺസ്മെന്റ്. ആവർത്തിച്ച് കാഴ്ച വേദിയുടെ തലങ്ങും വിലങ്ങും പുലർച്ചെ മുതൽ രാത്രി വൈകും വരെ അറുപതോളം വോളന്റിയേഴ്സ് വിശ്രമമില്ലാതെ ഓടുകയായിരുന്നു.

പരാതിക്കാർക്കായി ഒരുക്കിയ വേദി നിറഞ്ഞു കവിഞ്ഞപ്പോൾ പലപ്പോഴും ആശ്വാസമായത് സന്നദ്ധപ്രവർത്തകരുടെ സജീവ സാന്നിധ്യം തന്നെയായിരുന്നു. ജനസമ്പർക്കപരിപാടി മുന്നിൽ കണ്ട് സംഘാടകർ പരാതിക്കുമായി എത്തുന്നവരെ സഹായിക്കാനാണ് ഇങ്ങനെയൊരു സംവിധാനമൊരുക്കിയത്. പരാതിക്കാരുടെ നടുവിലേക്ക് ഇറങ്ങിയ മുഖ്യമന്ത്രിക്കും ഉദ്യോഗസ്ഥ, സംഘത്തിനും ഇവർ ചെയ്ത സഹായം ചില്ലറയല്ല.

വീൽചെയറിൽ എത്തിയവരെയും വികലാംഗരെയുമെല്ലാം കൃത്യസമയത്തു മുഖ്യമന്ത്രിക്കരികിലേക്കെത്തിക്കുവാൻ മത്സരിക്കുന്ന സന്നദ്ധപ്രവർത്തകർ തലങ